# ഉപസംഹാരം

ആഖ്യാനങ്ങൾ സാമൂഹികനിർണ്ണയനങ്ങളുടെ, ചരിത്രാവസ്ഥകളുടെ പരിച്ഛേദമാണ്. കേരളത്തിലെ സാമൂഹികാവസ്ഥയുടെ നേർരൂപങ്ങളെയാണ് മലയാളത്തിലെ ആവിഷ്കാരങ്ങൾ പ്രതിഫലിപ്പിക്കുന്നത്. നിലനിൽക്കുന്ന വ്യവഹാരങ്ങളിലെ സ്ത്രീകളുടെ സാമൂഹികാവസ്ഥയെ ഭാഷയിലെ രാഷ്ട്രീയസൂചകങ്ങളാൽ പകരം വയ്ക്കുകയാണ് മാധവിക്കുട്ടിയുടെ രചനകൾ. പിതൃമേധാവിത്വഘടനയുടെ തുടർച്ചയായ കുടുംബത്തിനുള്ളിലെയും മതം, ജാതി, ഭാഷ, വർഗ്ഗം തുടങ്ങിയ സാംസ്കാരികസ്ഥാപനങ്ങൾക്കുള്ളിലെയും വ്യവസ്ഥാപിതാഅധികാരശ്രേണിയിലാണ് 'സ്ത്രീത്വം' സാമൂഹികമായി സ്ഥാനപ്പെടുന്നത്. മാധവിക്കുട്ടിയുടെ രചനകളിലെ സ്ത്രീപ്രതിനിധാനം പിതൃമേധാവിത്വഘടനയുമായുള്ള കലഹത്തിലാണ് അതിന്റെ വിമോചനാത്മകത പ്രകടിപ്പിക്കുന്നത്. ആധുനികകുടുംബത്തിനുള്ളിലെ ഏകദാമ്പത്യക്രമത്തിൽ പുരുഷൻ സ്ത്രീയുടെമേൽ അടിച്ചേൽപ്പിക്കുന്ന ലൈംഗികതാനിയന്ത്രണത്തിന്റെ സ്ഥാപനപരമായ ഘടകങ്ങൾ ആദ്യകാലങ്ങളിലേതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീകർതൃത്വങ്ങളുടെ വ്യവഹാരങ്ങളിലെല്ലാംതന്നെ പുരുഷാധിപത്യത്തിന്റെ ഈ സാമ്പ്രദായിക തുടർച്ചകളെ കണ്ടെത്താൻ കഴിയുന്നുണ്ട്.

മലയാള ആഖ്യാനങ്ങളിൽ സ്ത്രീത്വത്തെ പൂർവ്വമാതൃകകൾ ഇല്ലാത്തവണ്ണം രേഖപ്പെടുത്തിയ എഴുത്തുകാരിയെന്ന നിലയിലാണ് മാധവിക്കുട്ടിയുടെ ആവിഷ്ക്കാരങ്ങൾ ശ്രദ്ധേയമാകുന്നത്. സ്ത്രീശരീരം, ലൈംഗികത, ലിംഗപദവി, എന്നീ വ്യത്യസ്ത സ്ഥാപനങ്ങളിലൂടെ പുരുഷാധിപത്യത്തിന്റെ അധീശസംഹിതകൾ തീർത്ത മതിലുകളെയാണ് മാധവിക്കുട്ടി തകർക്കുകയോ ദുർബലമാക്കുകയോ ചെയ്തത്. കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷ

ത്തിൽനിന്നുകൊണ്ട് ഇന്ത്യൻ സാംസ്കാരികാവസ്ഥയിലെ സ്ത്രീസ്വത്വത്തെ അടയാളപ്പെടുത്തുകയാണ് അവരുടെ കൃതികൾ. ഈ അർഥത്തിൽ തന്റെ ഭാഷയും അനുഭവജ്ഞാനവും സമർപ്പിക്കപ്പെടുന്നതിൽ എഴുത്തുകാരി എന്ന നിലയിലുള്ള മാധവിക്കുട്ടിയുടെ കർതൃത്വം നിർണ്ണായകഘടകമാണ്. സവിശേഷമായ സാമൂഹികാന്തരീക്ഷത്തിന്റെ ചൂടും ചൂരും ഇത്ര തീക്ഷ്ണമായ ഭാഷയിൽ ഇതിനു മുൻപ് അവതരിപ്പിക്കപ്പെട്ടിട്ടില്ലെന്നതാണ് മാധവിക്കുട്ടിയുടെ കൃതികളുടെ പഠനത്തെ പ്രസക്തമാക്കുന്ന മുഖ്യഘടകം. മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീത്വം ഉള്ളടക്കത്തിലും ഘടനയിലും കേരളത്തിന്റെ ദേശ, ഭാഷാന്തരീക്ഷത്തിൽ മാത്രം പരിമിതപ്പെടുത്താവുന്ന ഒന്നല്ല, അതിനപ്പുറത്ത് ഇന്ത്യയുടെ നാനാദേശ സാംസ്കാരികാന്തരീക്ഷത്തെകൂടി പ്രതിഫലിപ്പിക്കുന്നതും സ്വാംശീകരിക്കുന്നതുമാണ്. മലയാള ഭാഷയ്ക്കും സംസ്കാരത്തിനും അന്യഭാഷാദേശ സംസ്കൃതികളുടെ വ്യാവഹാരിക ഇടങ്ങളെ പരിചയപ്പെടുത്തുന്ന ധർമ്മംകൂടി മാധവിക്കുട്ടിയുടെ എഴുത്തുകൾ വഹിക്കുന്നുണ്ട്. കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലത്തിലൂന്നിനിന്നുകൊണ്ടാണ് പഠനത്തിൽ ഇത്തരം വസ്തുതകളെ അപഗ്രഥിക്കുന്നത്.

കേരളത്തിന്റെ രാഷ്ട്രീയാവസ്ഥയിലെ സ്ത്രീസ്വത്വത്തിന്റെ പ്രത്യേകിച്ച് ലിംഗപദവി, ലൈംഗികത, സ്ത്രൈണത തുടങ്ങിയ നിർണ്ണയനങ്ങളുടെ രാഷ്ട്രീയപശ്ചാത്തലം പ്രശ്നവത്കരിക്കേണ്ടതിന്റെ പ്രാധാന്യത്തിനാണ് ഒന്നാമത്തെ അധ്യായത്തിൽ ഊന്നൽ നല്കിയത്. കേരള ജനത അല്ലെങ്കിൽ മലയാളികൾ ലിംഗവത്കൃത സമൂഹമെന്നനിലയിൽ അഭിമുഖീകരിച്ച സ്വത്വപരിണതിയുടെ സാമൂഹികസന്ദർഭങ്ങളാണ് മാധവിക്കുട്ടിയുടെ രചനകളുടെ കാലഘട്ടം. അതുകൊണ്ടുതന്നെ ഭാഷയിലും ആഖ്യാനത്തിന്റെ ഉള്ളടക്കത്തിലും സ്വഭാവത്തിലും മാധവിക്കുട്ടി അടയാളപ്പെടുത്തിയ കൃത്യമായ വ്യതിരിക്തതകൾക്ക് സ്ത്രീസ്വത്വാഖ്യാനമെന്ന നിലയിൽ ചരിത്രപരമായ പ്രാധാന്യമുണ്ട്. ഇരുപതാംനൂറ്റാണ്ടിൽ കേര

ളസമൂഹത്തിൽ വിദ്യാഭ്യാസം, തൊഴിൽ, ജാതി വിരുദ്ധപ്രക്ഷോഭങ്ങൾ തുടങ്ങി വ്യക്തിയുടെ അവകാശങ്ങളും കടമകളും കഴിവുകളും നിർണ്ണയിക്കുന്ന സാമൂഹികാന്തരീക്ഷം വ്യക്തിവത്കൃത സമൂഹത്തിൽനിന്ന് ലിംഗവത്കൃത സമൂഹത്തിലേയ്ക്കുള്ള പരിണിതിയാണെന്നു കാണാം. ഇത്തരം പരിണിതികളെ ശരിവയ്ക്കുന്ന വ്യാവഹാരിക ഇടങ്ങളെയാണ് മാധവിക്കുട്ടിയുടെ കഥകളിൽ പൊതുവായി കണ്ടെത്താനാവുന്നത്.

സ്ത്രീത്വത്തെ നിയന്ത്രിക്കുന്ന ആത്മീയത, ലൈംഗികത, സദാചാരം, രക്തബന്ധങ്ങൾ, വ്യക്തിബന്ധങ്ങൾ എന്നിങ്ങനെയുള്ള സാമൂഹികനിർമ്മിത യാഥാർത്ഥ്യങ്ങൾ സ്ത്രീയ്ക്കുമേലുള്ള പുരുഷാധിപത്യത്തിന്റെ കടന്നുകയറലായാണ് പക്ഷിയുടെ മണം, നുണകൾ, ചന്ദനമരങ്ങൾ മുതലായ ആഖ്യാനങ്ങളിൽ അടയാളപ്പെടുത്തുന്നത്. പ്രത്യുല്പാദനം പോലുള്ള സ്ത്രീശരീരവിന്യാസങ്ങളുടെ സാമൂഹികനിർമിതികൾ കുടുംബമണ്ഡലത്തിനുള്ളിൽ സ്ത്രീയെ ബന്ധിച്ചു നിർത്താനുള്ള കണ്ണിയായി പ്രവർത്തിക്കുന്നു. മാതൃത്വത്തിന്റെ നിർമ്മിതിയുമായി ബന്ധപ്പെട്ടാണ് ലിംഗപദവിയും സ്ത്രീത്വത്തിന്റെ ഘടനാവൽക്കരണവും നടക്കുന്നതെന്നുള്ള സ്ത്രീവാദ സാമൂഹികവിമർശനത്തിന്റെ പൊരുൾ ജാതികേന്ദ്രിതാവസ്ഥയിലെ സ്ത്രീസാമൂഹിക പദവിയെ സൂചിപ്പിക്കുന്ന വ്യത്യസ്ത ആഖ്യാനങ്ങളിൽ വിമർശനവിധേയമാക്കുന്നുണ്ട്. 'എന്റെ കഥ'യിലെ സ്ത്രീകർതൃത്വത്തിന്റെ ശാരീരിക, മാനസിക, ധൈഷണികദശകൾ അടയാളപ്പെടുത്തുന്നത് സ്ത്രൈണാനുഭവത്തിന്റെ ഇത്തരം നിഷേധാത്മക സാംസ്കാരികപ്രയോഗങ്ങളേയാണ്. അവയാകട്ടെ, ഫ്യൂഡൽ സദാചാരത്തിന്റെ കപടമാന്യതകളെ നിരന്തരം മുറിവേൽപ്പിച്ചുകൊണ്ടാണ് നിലനില്ക്കുന്നത്.

സാമ്പ്രദായിക ചരിത്രത്തിലും ജ്ഞാനോല്പാദന വിതരണശൃംഖലയിലും ഒരു പ്രത്യേക ലിംഗവ്യതിയാനത്തിന്റെ പേരിൽ അസന്തുലിതമായ

സാംസ്കാരിക സന്ദർഭങ്ങളേയാണ് മാധവിക്കുട്ടിയുടെ രചനകൾ പ്രതിനിധീകരിക്കുന്നത്. അതായത് നിലവിലുള്ള അറിവിടങ്ങളിലെ രീതിശാസ്ത്രപരമായ സ്വഭാവവും ഘടനയും സ്ത്രീത്വത്തെ കീഴാളവത്കരിക്കുകയോ പുരുഷനെ അപേക്ഷിച്ച് രണ്ടാംലിംഗപദവിയിലും സാമൂഹിക പശ്ചാത്തലത്തിലും സ്ഥാപിക്കുകയോ ചെയ്യുന്നുവെന്ന തിരിച്ചറിവാണ് സ്ത്രീവാദത്തിന്റെ മലയാളപാഠങ്ങളെ പ്രസക്തമാക്കിത്തീർക്കുന്നത്. ഇത്തരം വിമോചനാത്മകമായ ധർമ്മങ്ങളെ ഏതളവിൽ പ്രതിഫലിപ്പിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നുവെന്നതിന്റെയടിസ്ഥാനത്തിൽ മലയാളത്തിലെ സ്ത്രീ എഴുത്തുകാരികളുടെ രചനകളെ വിലയിരുത്തുമ്പോഴാണ് മാധവിക്കുട്ടിയുടെ രചനകളുടെ ഉൾക്കനം ബോധ്യപ്പെടുന്നത്. നിലനിൽക്കുന്ന കുടുംബബന്ധങ്ങൾ, സദാചാരം, ജാതി-മതബന്ധങ്ങളിലെ പുരുഷമേൽക്കോയ്മയുടെ നൈതികത, അവയെ ശരിവയ്ക്കുന്ന സാമൂഹിക സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയെ പ്രതിരോധിക്കുന്ന സ്ത്രീ എഴുത്തിന്റെ മുഖമാണ് മാധവിക്കുട്ടിയുടെ രചനകൾക്കുള്ളത്. ആശയാവലികളിലെ സൈദ്ധാന്തികം, പ്രായോഗികം എന്നിങ്ങനെയുള്ള വിഭജനങ്ങളെ അപ്രസക്തമാക്കുന്ന നിലപാടുകളാണ് ആഖ്യാനങ്ങളിൽ പെണ്ണെഴുത്തിന്റെ രീതിശാസ്ത്രമായി ഇവിടെ സൂചിപ്പിക്കാവുന്നത്. അതായത് പുരുഷനിർമ്മിത യാഥാർഥ്യങ്ങൾക്ക് ബദൽ മാതൃകകളായി പെണ്ണെഴുത്തിന്റെ രീതിശാസ്ത്രം ഉള്ളടക്കത്തെത്തന്നെ പുതുക്കി നിർമ്മിക്കുകയാണ് ചെയ്യുന്നത്.

സാമ്പ്രദായിക വ്യവസ്ഥിതിയുടേയും പാരമ്പര്യ മനഃസ്ഥിതിയുടേയും നീതിവത്കരണ യുക്തികളെ തള്ളിക്കളഞ്ഞുകൊണ്ട് ശരീരകേന്ദ്രിതവും സ്ത്രീകേന്ദ്രിതവുമായ സൗന്ദര്യസങ്കല്പത്തെ അതിന് പകരം വയ്ക്കുകയാണ് മാധവിക്കുട്ടി ചെയ്യുന്നുത്. സ്ത്രീസ്വത്വത്തെ പാരമ്പര്യബന്ധങ്ങളിൽനിന്ന്, ബന്ധനങ്ങളിൽനിന്ന് മോചിപ്പിക്കുന്നതിന് ആഖ്യാനങ്ങളെ ഉപകരണമാക്കുന്നത് ഇത്തരം

പകരംവയ്ക്കലുകളുടെ രാഷ്ട്രീയം കൂടിയാണ്. തന്റെ രചനകളിൽ സ്ത്രീയുടെ സ്വയംവിമോചന ആഖ്യാനമായി ശരീരത്തെ പ്രതിഷ്ഠിച്ചുകൊണ്ട് പുരുഷകേന്ദ്രിതമായ വീക്ഷണത്തിൽനിന്നും അറുത്തുമാറ്റിയ രാഷ്ട്രീയായുധത്തിന്റെ ധർമ്മമാണ് സ്ത്രീശരീരത്തിന് നിറവേറ്റാനുള്ളതെന്ന് പ്രത്യക്ഷമായും പരോക്ഷമായും സൂചിപ്പിക്കുകയാണ് മാധവിക്കുട്ടി ചെയ്യുന്നത്. അത്തരത്തിൽ സ്ത്രൈണതയും സ്ത്രീലൈംഗികതയും സാമൂഹികാധിഷ്ഠിതമായ പ്രത്യയശാസ്ത്രോപാധിയെന്ന നിലയിൽ മാറ്റിപ്പണിയുകയാണ് മാധവിക്കുട്ടി.

പുരുഷാധീശത്വ സ്ഥാപനങ്ങളെന്നനിലയിൽ കുടുംബവും മതവും ആചാരാനുഷ്ഠാനങ്ങളും സദാചാരവും മറ്റ് സാംസ്കാരികസ്ഥാപനങ്ങളുമെല്ലാം സ്ത്രീക്കുമേൽ ചുമത്തുന്ന വിലക്കുകളെ ഉല്ലംഘിക്കുന്ന സ്വാതന്ത്ര്യപ്രഖ്യാപനങ്ങളായി മാധവിക്കുട്ടിയുടെ മിക്ക രചനകളും ഉയർന്നുനിൽക്കുന്നു. ലൈംഗികത, സദാചാരം, സ്ത്രീശരീരം, സ്വാതന്ത്ര്യം, ശരീരവിന്യാസം തുടങ്ങി പുരുഷൻ സ്ത്രീയ്ക്ക് ചുറ്റും നിർമ്മിച്ച വിലക്കുകളുടെ കോട്ടകളെ അതിലംഘിച്ചുകൊണ്ട് ഭാര്യ, മകൾ, കാമുകി, അമ്മ, വേശ്യ, ലൈംഗികപങ്കാളി, സുഹൃത്ത് തുടങ്ങിയ പുരുഷ മേൽക്കോയ്മാപരമായ ബന്ധങ്ങളെ പുനർനിർണ്ണയിക്കുന്ന സാംസ്കാരിക നിർമ്മിതിയായാണ് സ്ത്രീസ്വത്വത്തെ മാധവിക്കുട്ടിയുടെ രചനകൾ രേഖപ്പെടുത്തുന്നത്. അതുകൊണ്ട് പരമ്പരാഗത വ്യവസ്ഥിതിയ്ക്കെതിരെയുള്ള പ്രതിരോധവും ചരിത്രപരമായ കലാപവുമായി മാധവിക്കുട്ടിയുടെ എഴുത്ത് മാറുന്നു.

പുരുഷന്റെ കാഴ്ചപ്പെടലുകളിൽനിന്നും പിതൃധികാരവ്യവഹാരങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ട് സ്ത്രീ തന്റെ ലൈംഗികതയെ വ്യക്തിപരമായ ആവശ്യവും തെരഞ്ഞെടുപ്പുമാക്കി സദാചാരസാമൂഹിക വ്യവസ്ഥിതിക്ക് മുന്നിൽ അവതരിപ്പിക്കുന്നതെങ്ങനെയെന്നത് സ്ത്രീലിംഗപദവിയെ എങ്ങനെ അടയാളപ്പെടുത്താമെന്ന അന്വേഷണം കൂടിയാണ്. കാരണം സമൂഹരൂപീകരണത്തിന്റെ എല്ലാ

ചരിത്ര സന്ദർഭങ്ങളിലും പുരുഷാധിപത്യം സ്ത്രീയെ തമസ്കരിക്കുകയോ നിരാകരിക്കുകയോ ചെയ്തത് അവളെ ശരീരപദവി മാത്രമായി കണക്കാക്കിക്കൊണ്ടാണ്. ഈയൊരു കാഴ്ചപ്പാടിൽ നിന്നുകൊണ്ട് മാധവിക്കുട്ടിയുടെ കൃതികളെ വായിക്കുമ്പോൾ പുരുഷനോട്ടങ്ങൾക്ക് പുറത്തുള്ള സ്ത്രൈണതയെ അടയാളപ്പെടുത്തിക്കൊണ്ട് സ്ത്രീവാദത്തെ സവിശേഷമായ ഒരു ഘട്ടരൂപീകരണത്തോട് അടുപ്പിക്കുകയാണ് മാധവിക്കുട്ടി ചെയ്തതെന്നു കാണാം. ഇത് സ്ത്രൈണഎഴുത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമാണ്.

## നിഗമനങ്ങൾ

1. കേരളത്തിന്റെ സാംസ്കാരിക സന്ദർഭത്തിൽ ലിംഗപദവീനിർണയനങ്ങളുടെ വിന്യാസക്രമം ജാതി, മത കേന്ദ്രിതമായ ആധിപത്യ/വിധേയത്വ ബന്ധങ്ങളിലൂടെ രൂപപ്പെടുന്നു എന്നതിന് ചരിത്രപരമായ തെളിവുകൾ കണ്ടെടുക്കുന്നു.

2. നിലവിലുള്ള സാമൂഹിക സാംസ്കാരികാവസ്ഥകളെ പ്രശ്നവത്ക്കരിക്കുന്നതിലൂടെ സ്ത്രീലിംഗപദവിയും സ്ത്രീസ്വത്വവും പ്രതിനിധാനത്തിന്റെ രാഷ്ട്രീയ സൂചനകളും ഉള്ളടങ്ങുന്ന പൊതുമണ്ഡലത്തെ നിർമിച്ചെടുക്കുന്നതിന് പര്യാപ്തമാണ് മാധവിക്കുട്ടിയുടെ ആഖ്യാനങ്ങൾ.

3. സാമ്പ്രദായിക വ്യവഹാരങ്ങൾക്കുള്ളിലെ നീച, അശുദ്ധ നിർമിതികളെന്ന നിലയിൽ പരിഗണിക്കുന്ന സ്ത്രീശരീരത്തെ പുരുഷാധീശത്വ സങ്കല്പനങ്ങൾക്കെതിരെ സ്ത്രീവിമോചനത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണമായി തന്റെ ആഖ്യാനങ്ങളിൽ പ്രതിഷ്ഠിക്കുകയാണ് മാധവിക്കുട്ടി ചെയ്യുന്നത്. ഇതുവഴി മാധവിക്കുട്ടിയുടെ രചനകളുടെ രാഷ്ട്രീയത്തേയും സൗന്ദര്യസങ്കല്പത്തേയും ബദൽ മാതൃകകളായി പരിഗണിക്കാവുന്നതാണ്.

4. മാധവിക്കുട്ടിയുടെ കഥകളിലെ സ്ത്രീപ്രതിനിധാനങ്ങളിൽ ഏറിയപങ്കും

മധ്യവർഗ്ഗ സ്വത്വബോധമാണ് പങ്കിടുന്നത്. ഇത് സാമൂഹിക നിർണ്ണയനങ്ങളിലും മനഃസ്ഥിതിയിലും സ്ത്രീസ്വത്വത്തിന്റെ ചലനാത്മകതയെ സംബന്ധിച്ചുമുള്ള നിലപാടുകളിലെ ചില പിന്നോക്കം പോവലുകളെയാണ് സൂചിപ്പിക്കുന്നത്.

5. പെണ്ണെഴുത്തിന്റെ ഭാഷാ-സാംസ്കാരിക നിർണ്ണയനങ്ങളെന്ന നിലയിൽ പ്രതിനിധാനത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും പുലർത്തുന്ന വ്യതിരിക്തതകൾ പുരുഷാധീശത്വം സ്ത്രീയ്ക്കുമേൽ നേടിയ അധീശത്വ നിർണയനങ്ങളെ റദ്ദുചെയ്യലാണ്. സ്ത്രീഎഴുത്തുകാരി എന്ന നിലയിൽ മാധവിക്കുട്ടിയുടെ ആഖ്യാനങ്ങൾ രചനയുടെ രാഷ്ട്രീയലക്ഷ്യമായി ഉയർത്തുന്നത് ഇത്തരം ചില ഘടകങ്ങളാണ്.

6 മാധവിക്കുട്ടിയുടെ കൃതികളിൽ മുന്നോട്ടുവയ്ക്കപ്പെടുന്ന വിമതലൈംഗികതയുടെ പാഠങ്ങൾ സാമ്പ്രദായിക സാമൂഹ്യക്രമത്തെ നിരാകരിക്കുകയാണെന്നു കാണാം.

7. ഇന്ത്യയിലെ ജാതി, മത, ഭാഷാ, ദേശ വ്യതിരിക്തതകളെ മലയാളഭാഷാലോകത്തിൽ ചിഹ്നപ്പെടുത്തുന്ന സാംസ്കാരിക സാങ്കര്യത്തിന്റെ സവിശേഷമുദ്രകളേയാണ് മാധവിക്കുട്ടിയുടെ ആഖ്യാനങ്ങൾ അടയാളപ്പെടുത്തുന്നത്. ഇത്തരത്തിലുള്ള അടയാളപ്പെടുത്തലിലൂടെ പുരുഷാധിപത്യ സമൂഹത്തിന്റെ എല്ലാ സാമ്പ്രദായിക ശീലങ്ങളെയും പ്രശ്നവത്കരിക്കുകയാണ് മാധവിക്കുട്ടിയുടെ കൃതികൾ.